*02-06-2026*
*Calling Attention*

## ശ്രദ്ധക്ഷണിക്കൽ

### (1) മലയിടം തുരുത്തിലെ പട്ടികജാതി കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കുന്നത്തുനാട് താലൂക്കിൽ വാഴക്കുളം വില്ലേജിലെ മലയിടംതുരുത്ത് പരിയത്തുകാവിലെ കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട വിഷയമാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

1976-ലാണ് പരിയത്തുകാവിലെ വസ്തുവുമായി ബന്ധപ്പെട്ട കേസ് തുടങ്ങുന്നത്. പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഒ.എസ്.നം. 539/84 എന്ന കേസിന്മേലാണ് ഇപ്പോൾ വിധി വന്നിരിക്കുന്നത്. ശങ്കരൻ നായർ എന്ന ആളാണ് കേസ് ഫയൽ ചെയ്തത്. 2 ഏക്കർ 92 സെന്റ് സ്ഥലമാണ് അന്യാധീനപ്പെട്ടിരിക്കുന്നത്. ടി വസ്തുവിൽനിന്നും ശങ്കരൻ നായർ, സമരം ചെയ്യുന്നവരുടെ പിതാവായ കുമാരനും കുമാരന്റെ പിതാവ് കാളികുറുമ്പനും 8-ഉം 15-ഉം സെന്റ് സ്ഥലം വീതം കുടികിടപ്പവകാശമായി കൊടുത്തിട്ടുണ്ട്. ബാക്കി 2 ഏക്കർ 69 സെന്റ് സ്ഥലമാണ് തർക്ക വസ്തുവായിട്ടുള്ളത്. ഈ വസ്തു പുറമ്പോക്ക് സ്ഥലമാണെന്നാണ് അവിടെ താമസിക്കുന്ന ആളുകൾ അവകാശപ്പെട്ടുകൊണ്ടിരിക്കുന്നത്. അന്യായക്കാരനായ കാളികുറുമ്പൻ എന്ന ആൾ ടി വസ്തുവിൽ താമസം തുടങ്ങുകയും മേല്പടി കേസ് പെരുമ്പാവൂർ മുൻസിഫ് കോടതിയിലും പറവൂർ സബ്കോടതിയിലും പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും അവസാനം സുപ്രീംകോടതിയിലും എത്തുകയും ചെയ്തു.

*02-06-2026*
*Calling Attention*

ബഹുമാനപ്പെട്ട സുപ്രീംകോടതി ശങ്കരൻ നായർക്ക് അനുകൂലമായി വിധി പറയുകയും ചെയ്തിരിക്കുകയാണ്. സുപ്രീംകോടതി ഈ വിധിക്കുശേഷം എക്സിക്യൂഷൻ പെറ്റീഷൻ ഇ.പി. നം. 0300240/2022 ഫയൽ ചെയ്യുകയും പെരുമ്പാവൂർ മുൻസിഫ് കോടതി അഡ്വക്കേറ്റ് കമ്മീഷണറെയും ആമീനെയും വിധി നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. കേസിലെ കക്ഷികളായ ശങ്കരൻ നായരും അവിടെ താമസിക്കുന്നവരുടെ പൂർവികരായ കാളികുറുമ്പനും കുമാരനും ഇതിനിടയിൽ മരണപ്പെടുകയുണ്ടായി. കുമാരന്റെ മക്കളും ബന്ധുക്കളുമാണ് ഇപ്പോൾ അവിടെ താമസിച്ചുകൊണ്ടിരിക്കുന്നത്. ഇവരെല്ലാവരും പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട ഏഴ് കുടുംബങ്ങളാണ്. ഇവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം പൊതുസമൂഹത്തിനും സംസ്ഥാന സർക്കാരിനുമുണ്ട്. കോടതി നിർദേശത്തെത്തുടർന്ന് പതിനഞ്ച് പ്രാവശ്യമാണ് കുടിയൊഴിപ്പിക്കലിനായി അഡ്വക്കേറ്റ് കമ്മീഷണറും ആമീനും പൊലീസുകാരോടൊപ്പം എത്തിയിട്ടുള്ളത്. പതിനാല് പ്രാവശ്യവും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് എത്തിയത്. ഈ പതിനാല് പ്രാവശ്യവും ആമീന്റെ നേതൃത്വത്തിൽ പൊലീസ് വരികയും അവിടെ സമരം ചെയ്തവരെ പലപ്പോഴായി അറസ്റ്റ് ചെയ്യുകയും ജയിലിലടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും സംഭവമുണ്ടായിട്ടും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടി വിഷയം അവസാനിപ്പിക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പതിനഞ്ചാമത് തവണ വന്നത് ഈ സർക്കാർ അധികാരമേറ്റെടുത്ത് രണ്ടാം ദിവസമാണ്. അധികാരമേറ്റെടുത്ത് രണ്ടാം ദിവസം പൊലീസ് അവിടെ വരികയും ചെറിയ തോതിലുള്ള അനിഷ്ട സംഭവമുണ്ടാകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കുടിയൊഴിപ്പിക്കൽ നടന്നതെന്നുള്ള രീതിയിലുള്ള കുപ്രചരണങ്ങൾ സർക്കാർവിരുദ്ധ മാധ്യമങ്ങൾ പലപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ടി വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻതന്നെ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സാവകാശം തേടുകയും ചെയ്തിട്ടുണ്ട്. കാരണം പിന്നീടും ആമീനും അഡ്വക്കേറ്റ് കമ്മീഷണറുമായും പൊലീസ് അവിടെയെത്താൻ തീരുമാനിച്ചിരിക്കുകയാണ്. അഡ്വക്കേറ്റ് ജനറലിൽനിന്നുമുള്ള അഭിപ്രായം ആരായുകയും എ.ജി. തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നേരിട്ട് ഹാജരായി ഇതുസംബന്ധിച്ച് രണ്ടാഴ്ചത്തെ സാവകാശം തന്നിട്ടുണ്ട്. ഈ വിഷയം  ഇരുകൂട്ടരുമായി രമ്യമായി സംസാരിച്ച് ഒത്തുതീർപ്പിലാക്കാൻ സാധിക്കുമോയെന്നാണ് പരിശോധിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റോജി എം. ജോണിനെയും എന്നെയും ഗവൺമെന്റുതന്നെ ഇതിനായി ചുമതലപ്പെടുത്തി. ഞങ്ങൾ രണ്ടുപേരും അവിടെ താമസിക്കുന്ന ഏഴ് കുടുംബങ്ങളുമായും സ്ഥലമുടമസ്ഥനുമായും ചർച്ച നടത്തി. ഇനി ഒരാഴ്ചത്തെ സമയം മാത്രമേയുള്ളൂ. എങ്ങനെയെങ്കിലും ഇവരുടെ വിഷയം പരിഹരിക്കണം. കാരണം ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള ഒരു കേസായതിനാൽ പല കാര്യത്തിലും പരിമിതികളുണ്ട്. സ്ഥലമുടമസ്ഥർകൂടി വിട്ടുവീഴ്ച ചെയ്താൽ രമ്യമായി ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ഈയവസരത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഈ പാവപ്പെട്ട പട്ടികജാതിയിലുള്ള ജനങ്ങളെ

സംരക്ഷിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്. അതിൽ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സഭാ നേതാവിനോടും ആവശ്യപ്പെടുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, എറണാകുളം ജില്ലയിലെ കിഴക്കമ്പലം മലയിടം തുരുത്തിൽ ഏഴ് പട്ടികജാതി കുടുംബങ്ങളുൾപ്പെടെ എട്ട് കുടുംബങ്ങളെ കുടിയൊഴിപ്പിക്കുന്നതുമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വർഷങ്ങളായി തർക്കം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒരു പെറ്റീഷനെത്തുടർന്നുള്ള കോടതി ഇടപെടലും നിരന്തരമായി ഉണ്ടായിട്ടുണ്ട്. കുന്നത്തുനാട് താലൂക്കിലെ വാഴക്കുളം വില്ലേജിലെ പഴയ സർവെ 391/16-ലുൾപ്പെട്ട 19.98 ഏക്കർ വസ്തു റീസർവെ കാലത്ത് ചില സ്വകാര്യവ്യക്തികൾ വ്യാജപ്രമാണം സൃഷ്ടിച്ച് കൃത്രിമം നടത്തി അവകാശം സ്ഥാപിച്ചതാണെന്നായിരുന്നു പെറ്റീഷന്റെ ആക്ഷേപം. ഈ ആക്ഷേപം കീഴ്ക്കോടതികൾ ശരിവയ്ക്കുകയും കോടതി വിധിയെത്തുടർന്നുണ്ടായ അപ്പീലുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സുപ്രീംകോടതിയിൽ പ്രതിഭാഗത്തുനിന്നുള്ളവർ സമർപ്പിച്ച അപ്പീലും 24-03-2025-ൽ നിരസിക്കപ്പെട്ടതാണ്. ഈ സാഹചര്യത്തിൽ കുടിയൊഴിപ്പിക്കൽ നേരിട്ട എട്ട് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 5 സെന്റ് ഭൂമി വീതം ആകെ 40 സെന്റ് ഭൂമി കണ്ടെത്താൻ ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ വാഴക്കുളം

പഞ്ചായത്ത് അതിർത്തിയിലോ കുന്നത്തുനാട് താലൂക്കിലോ അനുയോജ്യമായ ഭൂമി കണ്ടെത്തുകയുണ്ടായില്ല. ഇതിനിടെ പെരുമ്പാവൂർ മുൻസിഫ് കോടതിയുടെ വിധി നടപ്പാക്കിക്കിട്ടണമെന്ന വാദികളുടെ ആവശ്യം അംഗീകരിച്ച് 19-03-2026-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം അഡ്വക്കേറ്റ് കമ്മീഷണർ മുഖാന്തരം വിധി നടപ്പാക്കാൻ പെരുമ്പാവൂർ മുൻസിഫ് കോടതിക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശമുണ്ടായിരുന്നു. ഇക്കാര്യത്തിൽ സൂപ്രണ്ട് ഓഫ് പൊലീസ്, എറണാകുളം റൂറൽ ഫയൽ ചെയ്ത ഒ.പി. 1129/2026 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. 25-05-2006-ലെ ഇടക്കാല വിധിപ്രകാരം കോടതി ഉത്തരവ് നടപ്പാക്കുന്നതിന് രണ്ടാഴ്ച സമയം അനുവദിച്ചിട്ടുണ്ട്. 09-06-2026-ന് ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി വീണ്ടും പരിഗണിക്കുകയാണ്. കുടിയൊഴിപ്പിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയെന്നത് ഈ സർക്കാരിന്റെ നിലപാടാണ്. തീർച്ചയായും, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, എങ്ങനെ ഈ വിഷയം പരിഹരിക്കാൻ കഴിയുമെന്ന കാര്യത്തെക്കുറിച്ച് ആലോചിക്കും. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. റോജി എം. ജോൺ, ശ്രീ. വി. പി. സജീന്ദ്രൻ എന്നിവർ ഇക്കാര്യത്തിൽ ഇടപെടുന്നുണ്ട്. അതോടൊപ്പം പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി ശ്രീമതി കെ. എ. തുളസി സ്ഥലം സന്ദർശിച്ചിരുന്നു. ഏതായാലും വളരെക്കാലം നീണ്ടുനിന്ന ഒരു തർക്കമാണിത്. പ്രസ്തുത വിഷയം എങ്ങനെ

പരിഹരിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ)</u>: സർ, മലയിടം തുരുത്തിലെ പട്ടികജാതി കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ എന്ന വിഷയത്തിന്മേലുള്ള ഏഴ് കുടുംബങ്ങളെ ഒരു കാരണവശാലും സർക്കാർ കൈയൊഴിയുകയില്ലെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഇത് രണ്ട് സ്വകാര്യ വ്യക്തികൾ തമ്മിലുള്ള കേസാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാർ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ പ്രസ്തുത വിഷയം സംബന്ധിച്ച വിശദീകരണം മുഴുവൻ നൽകിയതാണ്. ഇതൊരു സ്വകാര്യ കേസാണ്. പക്ഷേ, ഇതിനുമുമ്പ് പതിനാല് പ്രാവശ്യം കോടതി നിർദേശപ്രകാരം എവിക്ഷൻ നടപടികളുമായി അവിടെ ചെന്നിട്ടുണ്ട്. ഈ സർക്കാർ സത്യപ്രതിജ്ഞ ചെയ്തതിന്റെ അടുത്ത ദിവസം, പതിനഞ്ചാമത്തെ പ്രാവശ്യമാണ് അവിടെ ചെല്ലുന്നത്. അവിടെ സംഘർഷമുണ്ടായപ്പോൾത്തന്നെ ഞങ്ങൾ ഇടപെട്ടു. എറണാകുളം ജില്ലയുടെകൂടി ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റോജി എം. ജോൺ അവരുടെ യോഗം വിളിച്ചുചേർത്ത് നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടു. അതേയവസരത്തിൽ അഡ്വക്കേറ്റ് ജനറൽ മുഖേന ഹൈക്കോടതിയിൽനിന്ന് രണ്ടാഴ്ച സമയം വാങ്ങിച്ചു. പ്രസ്തുത വിഷയത്തിന്മേൽ രമ്യമായ പരിഹാരത്തിനായി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റോജി എം. ജോണിനെയും അവിടത്തെ എം.എൽ.എ.-യും ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർക്ക് ഭൂമി

*02-06-2026*
*Calling Attention*

അനുവദിച്ച് വീട് നിർമ്മിച്ചുകൊടുക്കാൻ തയ്യാറാണെന്ന് സർക്കാർ അവരെ അറിയിക്കുകയും പ്രസ്തുത വിഷയം അവർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് പതിനഞ്ച് തവണയും നിരവധി കേസുകൾ താമസക്കാർക്കെതിരെ എടുത്തിട്ടുണ്ട്. കുടിയൊഴിപ്പിക്കൽ പ്രശ്നം പരിഹരിച്ചുകഴിഞ്ഞാൽ അവിടത്തെ താമസക്കാരുടെമേൽ ചുമത്തിയിരിക്കുന്ന കേസുകൂടി പിൻവലിച്ച് അവർക്കൊരു ആശ്വാസം കൊടുക്കാൻ സാധിക്കുമോ; കാരണം അവർ കേസ് നടത്താൻ മാർഗമില്ലാത്തവരാണ്. അക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, അക്കാര്യം ഗൗരവമായി പരിശോധിക്കാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കോടതി വിധിക്കനുസരിച്ച് നേരത്തെ പതിനാല് തവണ നേരിട്ട് പോലീസ് പ്രസ്തുത സ്ഥലത്ത് പോയിരുന്നു. പക്ഷേ ക്രൂരമായ പോലീസ് മർദനമാണ് ഇപ്രാവശ്യമുണ്ടായത്. അതിന്റെ അടിസ്ഥാനമെന്താണ്; പോലീസ് അവരെ മർദിച്ച് പ്രശ്നമുണ്ടാക്കേണ്ടതുണ്ടായിരുന്നോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിൽ പോലീസ് നടപടിയൊന്നും ഉണ്ടായിട്ടില്ല. കോടതി ആവശ്യപ്പെട്ടതനുസരിച്ച് മജിസ്ട്രേറ്റ് പോലീസിനെ വിളിക്കുകയാണ്. പതിനഞ്ച് തവണയായിട്ടും പ്രശ്നം ഒത്തുതീർക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല, ഇത് സുപ്രീം കോടതി വിധിയാണ്, അത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടു.

അവിടെ പൊലീസുമുണ്ടായിരുന്നു. ആ സമയത്ത് ഒരാൾ പെട്രോൾ ശരീരത്തിലൊഴിച്ച് തീവയ്ക്കാൻ ശ്രമിച്ചു. പൊലീസ് കണ്ണീർ വാതകം പ്രയോഗിച്ചു. അതിൽ പരിക്കുപറ്റിയ ഒരാളെ ആശുപത്രിയിൽ കൊണ്ടുപോയി. ഞാൻ അപ്പോൾത്തന്നെ അതറിയുകയും ഏത് കോടതി നിർദേശമാണെങ്കിലും പൊലീസിനോട് അവിടെനിന്നും പിൻവാങ്ങാൻ ആവശ്യപ്പെട്ടു; ഇതാണ് സംഭവിച്ചത്.

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിന് ഇന്റർഫിയറൻസ് പറ്റുകയില്ലല്ലോ;

ശ്രീ. രമേശ് ചെന്നിത്തല: സർ, പൊലീസിന്റെ ഭാഗത്തുനിന്നും ഒരതിക്രമവും അവിടെ ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: ശരി.

## (2) സാംക്രമിക രോഗവ്യാപനം തടയുന്നതിനുള്ള നടപടി

ശ്രീ. സജി ചെറിയാൻ: സർ, കേരളം ഇന്ന് അതീവഗുരുതരമായ ഒരു പൊതുജനാരോഗ്യ പാരിസ്ഥിതിക അടിയന്തരാവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. ഈ വിഷയത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കൃത്യമായ ആസൂത്രണത്തോടെ നടപ്പാക്കേണ്ടിയിരുന്ന മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും പൂർണ്ണമായും സ്തംഭിച്ചതിന്റെ ഫലമായി ജനങ്ങളെ പകർച്ചവ്യാധിയിലേക്കും മറ്റ് അപകടങ്ങളിലേക്കും വലിച്ചെറിയുന്ന തികഞ്ഞ ഭരണവീഴ്ചയാണ് ഇവിടെ കാണുന്നത്. ഭരണമുന്നണിയുടെ രാഷ്ട്രീയ അലംഭാവമാണ് ഇതിലൂടെ തെളിയുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ വളരെ

*02-06-2026*
*Calling Attention*

ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ട ഒന്നാണ് പ്രീ-മൺസൂൺ തയ്യാറെടുപ്പ്. മേയ് 26-ന് കാലവർഷമെത്തുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പുണ്ടായിട്ടും സർക്കാർ അത് പൂർണ്ണമായും അവഗണിച്ചു. മാർച്ച് 26-നുതന്നെ തദ്ദേശസ്വയംഭരണ വകുപ്പ് മഴക്കാലപൂർവ ശുചീകരണത്തിന്റെ മാർഗരേഖ പുറപ്പെടുവിച്ചു. എന്നാൽ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അത് കാര്യമായി മുന്നോട്ടുപോയില്ലെന്നുള്ളത് വസ്തുതയാണ്. തിരുവനന്തപുരം നഗരത്തിൽ 49.6 മില്ലിമീറ്റർ മഴയാണ് കഴിഞ്ഞ ദിവസമുണ്ടായത്. നഗരമാകെ മലിനജലത്തിൽ മുങ്ങി. ഇതൊരു പ്രകൃതിദുരന്തമല്ല, മറിച്ച് ബി.ജെ.പി. ഭരിക്കുന്ന തിരുവനന്തപുരം കോർപ്പറേഷന്റെയും സംസ്ഥാന സർക്കാരിന്റെയും കെടുകാര്യസ്ഥതയുടെ ഫലമാണ്. ഇതാണോ ഇൻഡോർ മാതൃക?

കിഴക്കേകോട്ട, തമ്പാനൂർ, പഴവങ്ങാടി, പട്ടം തുടങ്ങിയ പ്രധാന റോഡുകളിലും വിമാനത്താവളത്തിലേക്ക് പോകേണ്ട പ്രധാന പാതകളിലുമെല്ലാം വെള്ളം കയറി. ഓടകളിൽനിന്ന് കോരിയിട്ട മണ്ണും മാലിന്യവും നീക്കം ചെയ്യാതെ റോഡരികിൽത്തന്നെ കൂട്ടിയിട്ടത് മഴവെള്ളത്തോടൊപ്പം അവ വീണ്ടും ഓടകളിലൂടെയും റോഡിലൂടെയും ഒഴുകിപ്പോകാൻ ഇടവന്നു. ആമയിഴഞ്ചാൻ തോടിന്റെ കരിങ്കൽഭിത്തി കോർപ്പറേഷൻ പൊളിച്ചുമാറ്റി മാസങ്ങളായിട്ടും പുനർനിർമ്മിക്കാത്തതിനാൽ പഴവങ്ങാടി ക്ഷേത്ര പരിസരത്തും വീടുകളിലും വെള്ളം കയറി. കൊച്ചി കോർപ്പറേഷനിലെ കാനകൾ മുതൽ കായൽമുഖംവരെയുള്ള ശുചീകരണത്തിൽ വലിയ വീഴ്ചയാണുണ്ടായത്. വെള്ളക്കെട്ട് സ്വാഭാവികമാണെന്നുള്ള

വിശദീകരണമാണ് കൊച്ചി മേയറുടെ ഭാഗത്തുനിന്നുമുണ്ടായത്. മാലിന്യ നിർമ്മാർജനത്തിലെ അശാസ്ത്രീയത കാരണം കൊതുകുകളും മറ്റ് രോഗാണുക്കളും ക്രമാതീതമായി പെരുകുകയാണ്. ഡെങ്കിപ്പനി, എലിപ്പനി, മലേറിയ, കോളറ, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ സാംക്രമിക രോഗങ്ങൾ സംസ്ഥാനത്ത് വൻതോതിൽ പടർന്നുപിടിക്കാനുള്ള കടുത്ത ഭീഷണിയാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്.

ഇതിനോടനുബന്ധമായി ശ്രദ്ധിക്കേണ്ട കുറച്ച് കാര്യങ്ങൾകൂടി പറയാൻ ഉദ്ദേശിക്കുന്നു. ഇലക്ട്രിക് ലൈനുകൾക്ക് ഭീഷണിയായി നിൽക്കുന്ന മരങ്ങളും മരച്ചില്ലകളും വെട്ടിമാറ്റുന്ന ഒരു നടപടി മുമ്പുണ്ടായിരുന്നു. ഇപ്രാവശ്യം അത് ചെയ്തിട്ടില്ല. കൂടാതെ, സ്കൂളുകൾക്ക് മുകളിലൂടെയും മുന്നിലൂടെയും പോകുന്ന ഇലക്ട്രിക് ലൈനുകൾക്ക് ഇൻസുലേഷൻ ഏർപ്പെടുത്തുന്ന പ്രവൃത്തിയും ഇപ്രാവശ്യം ചെയ്തിട്ടില്ല. സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ, ജനങ്ങൾ എത്തിച്ചേരുന്ന പൊതുയിടങ്ങൾ എന്നിവിടങ്ങളിലെ ഇലക്ട്രിക് ലൈനുകൾ പരിശോധിക്കുന്ന നടപടിയും ഇപ്രാവശ്യം ചെയ്തിട്ടില്ല. പാടശേഖരങ്ങളുടെയും ജലാശയങ്ങളുടെയും മുകളിലൂടെ പോകുന്ന ഇലക്ട്രിക് ലൈനുകൾ ഉയർത്തുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യുന്ന നടപടിയും ഇത്തവണ ചെയ്തിട്ടില്ല. ഏറ്റവും രസകരമായ കാര്യം, വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പഠനോൽസവം നടത്തിയതിൽ 70 ശതമാനം സ്കൂളിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത ആദ്യത്തെ സംഭവമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. ഇക്കാര്യം ഗൗരവമായിത്തന്നെ പരിശോധിക്കണം. എൽ.എസ്.ജി.ഡി. ബിൽഡിങ്ങ് ഡിപ്പാർട്ടുമെന്റും

പി.ഡബ്ല്യൂ.ഡി.-യും തമ്മിലുള്ള തർക്കമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇന്നലെ തിരുവനന്തപുരം അട്ടക്കുളങ്ങര എച്ച്.എസ്.-ന്റെ പരിസരത്തുള്ള ഒരു കെട്ടിടം ഇടിഞ്ഞുവീണ് വലിയൊരു അപകടത്തിൽനിന്ന് നമ്മൾ രക്ഷപ്പെട്ടിരിക്കുകയാണ്. റോഡിന്റെ വശങ്ങളിലെ കാടുപിടിച്ച് കിടക്കുന്ന പുരയിടങ്ങൾ വെട്ടിത്തെളിക്കാനുള്ള നടപടി ഇതുവരെയും ഉണ്ടായിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് ഇന്നലെ ഹൈക്കോടതിപോലും രൂക്ഷമായ ഭാഷയിൽ വിമർശിച്ചിട്ടുണ്ട്. ഇപ്രാവശ്യം സ്കൂൾ പരിസരത്ത് വെട്ടിമാറ്റേണ്ട മരച്ചില്ലകൾ വെട്ടിമാറ്റുകയോ കാട് തെളിയിക്കലോ നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഒരു യോഗം വിളിച്ചു. പക്ഷേ അതിന്റെ തുടർച്ചയായി നമ്മുടെ മണ്ഡലങ്ങളിലോ ജില്ലകളിലോ കാര്യമായ ഒരു പ്രവർത്തനവും നടന്നിട്ടില്ല.ഞാൻ സർക്കാരിനെ അക്കാര്യത്തിൽ വിമർശിക്കുന്നില്ല. കാരണം ഈ മന്ത്രി സഭ ചുമതലയേറ്റിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളൂ. അതുകൊണ്ട് അടിയന്തരമായി സർക്കാരിന്റെ മുഴുവൻ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ് ഈ ശ്രദ്ധക്ഷണിക്കൽ. ഇതിൽ അടിയന്തരമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 25-05-2026-ൽ വകുപ്പുതലവന്മാരുടെയും ജില്ലാതല ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതുവരെ നടന്ന

പ്രവൃത്തികൾ കാര്യക്ഷമമാണെന്ന് പ്രസ്തുത യോഗത്തിൽ വിലയിരുത്തുകയും ചെയ്തു. നിലവിൽ 17661 വാർഡുകളിൽ ശുചിത്വസമിതികൾ രൂപീകരിച്ച് അവയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നുണ്ട്. അതുപോലെ 13164 വാർഡുകളിൽ ക്ലീനിങ് ഡ്രൈവ് നടത്തുകയും 2171150 കിണറുകൾ ക്ലോറിനേറ്റ് ചെയ്തതായി റിപ്പോർട്ട് ലഭിക്കുകയും അത് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ജില്ലാ പ്രാദേശികതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രഥമ പരിഗണനതന്നെ നൽകുന്നുണ്ട്. മഴക്കാലത്തുണ്ടാകാൻ സാധ്യതയുള്ള പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ ഇതരവകുപ്പുകളുടെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രിതന്നെ മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ട് മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും ജില്ലാ കളക്ടർമാരുടെയും വിശദമായ യോഗം കൂട്ടുകയും അതിൽ തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, നാളെ മുതൽ അതിശക്തമായ മഴ ആരംഭിക്കാൻ പോകുകയാണ്. ഈ അവസ്ഥയിൽ മുഖ്യമന്ത്രിയെന്ന നിലയിൽ അടിയന്തരമായി അങ്ങ് ഇടപെട്ട് ഒരു ഏകോപനം കേരളത്തിൽ എല്ലാ സ്ഥലത്തുമുണ്ടാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, തീർച്ചയായും ഉണ്ടാകും. ഇതുമായി ബന്ധപ്പെട്ട മന്ത്രിമാരുടെയും വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെയും ജില്ലാകളക്ടർമാരുടെയും യോഗം ചേർന്ന് ഓരോ

ജില്ലയിലുമുള്ള കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതാണ് ഇതിലുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ജില്ലാകളക്ടർമാരെ അപകട സാധ്യതയുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ സന്ദർശനം നടത്തുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഹൈവേ അതോറിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ ഹൈവേ അധികൃതരെ മുഖ്യമന്ത്രിയുടെ ഓഫീസിൽ വിളിച്ചുവരുത്തി അവരോട് ഏറ്റവും Vulnerable ആയ സ്ഥലങ്ങൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ ജില്ലകളിലുമുള്ള കളക്ടർമാരുടെയും ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും നേതൃത്വത്തിൽ മുൻകാല ശ്രമങ്ങൾ നടക്കുന്നുണ്ട്. ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളും ഡാമുകളുടെ ഇൻഫ്ലോ, ഔട്ട്ഫ്ലോ തുടങ്ങിയ കാര്യങ്ങളും പരിശോധിച്ചിട്ടുണ്ട്. മഴ കുറച്ച് വൈകിയാണ് ഇത്തവണ വരുന്നത്, ഇത്തവണ മഴ കുറവായിരിക്കുമെന്ന prediction ആണുള്ളതെങ്കിലും climate change-ന്റെ ഭാഗമായ ചില പുതിയ പ്രതിഭാസങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി Extreme heavy rain-ഉം Cloud burst-ഉം ഉണ്ടാകാം. Cloud burst റഡാറിൽനിന്ന് എവിടെയാണെന്ന് മനസ്സിലാക്കാൻ സാധിക്കുമെങ്കിലും അവിടെ Eviction നടത്താനുള്ള സമയം പോലും ലഭിക്കില്ല. Western Ghats പോലെ സെൻസിറ്റീവായ സ്ഥലങ്ങളിൽ Cloud burst ഉണ്ടായാൽ അവിടെ Land Sliding-നുള്ള സാധ്യതയുണ്ടാകും. മറ്റ് സാധ്യതകളൊന്നുമിതുവരെ predict ചെയ്തിട്ടില്ല. 2018-ലെയും 2019-ലെയും അനുഭവം ഉള്ളതിനാൽ എല്ലാ

*02-06-2026*
*Calling Attention*

ദിവസവും വളരെ ഗൗരവത്തോടെ നിരന്തരമായ ഏകോപനം നടത്തുന്നുണ്ട്. കേരളത്തിലെ ഡിസാസ്റ്റർ മാനേജ്മെന്റ് സംവിധാനം ഇന്ത്യയിലെ ഏറ്റവും കാര്യക്ഷമമായ സംവിധാനമാക്കി മാറ്റാനുള്ള ശ്രമങ്ങൾകൂടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.